14-ാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2452** 05.11.2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പൊതുമേഖലാസ്ഥാപനങ്ങളിലെ ലാസ്റ്റ്ഗ്രേഡ് തസ്തിക ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ നാളിതുവരെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ 521 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 45 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്(കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ ഉൾപ്പെട്ടിരിക്കുന്നത് വർക്കർ കാറ്റഗറി തസ്തികകളാണ്. അതിൽ ഇപ്പോഴുള്ള ഒഴിവുകൾ 443 ആണ്. ഈ ഒഴിവുകൾ പി.എസ്.സി. മുഖേനയല്ല നിയമനം എന്നതിനാൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല). |
| (ബി) ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണമെന്താണ്; | (ബി) ഇനി 33 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസും റിക്രൂട്ട്മെന്റ് റൂൾസും പൂർത്തിയാകാത്തതുമൂലമാണ് ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത്. |

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 31.12.2019 വരെ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(സി)&(ഡി) വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ 31.12.2019 വരെ 24 ഒഴിവുകൾ നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഒരു ഒഴിവും, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ഒരു ഒഴിവും, തൃശ്ശൂർ കോ- ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ഒരു ഒഴിവും, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൽ പന്ത്രണ്ട് ഒഴിവും, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ രണ്ട്ഒഴിവും, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ അഞ്ച് ഒഴിവും, കെ. കരുണാകരൻ മെമ്മോറിയൽ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ രണ്ട് ഒഴിവുകളും ആണ് പ്രതീക്ഷിക്കപ്പെടുന്നത്. പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.യുടെ നിയമന പരിധിയിൽ വരുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം സമയബന്ധിതമായി പി.എസ്.സി.യെ അറിയിക്കുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ